# മരുഭൂമിയിലെ പ്രലോഭനം

## വി. മത്തായി 4/11

**Homily points collected by Fr. George Kanamkudam. Fr. Kanamkudam can be reached at** frgkanamkudam@rediffmail.com

**തന്റെ ആദ്യത്തെ പ്രലോഭനകഥ യേശുതന്നെയായിരിക്കണം പിന്നീട് ശിഷ്യരോട് പറഞ്ഞത്. സാക്ഷികളായി ആരുമില്ലാത്ത, സുവിശേഷങ്ങൾ രേഖപ്പെടുത്തുന്ന ഏക സംഭവം. ഹൃദയത്തിന്റെ ഒരു പാതി മറുപാതിയുമായി സംവാദത്തിലേർപ്പെടുന്നു. ഒരാളുടെ അവസ്ഥയോടും ദൗത്യത്തോടും പൊരുത്തമില്ലാത്ത ഘടകങ്ങളോട് മനസ്സിൽ രൂപപ്പെടാവുന്ന ഉദ്ദീപനമാണ് പ്രലോഭനം. ഒരു കോമിക് പുസ്തകം വായിക്കുന്നതിൽ തെറ്റില്ല, പക്ഷെ നാളെ പരീക്ഷയുള്ള കുട്ടി അത് വായിക്കുന്നത് പ്രലോഭനമായി മാറുന്നു. ഇവ ദൂരക്കാഴ്ചകളെ മറയ്ക്കുന്നു. ചെറിയ സന്തോഷങ്ങളുടെയും, നേട്ടങ്ങളുടെയും ഒരു മറ വന്ന് വീഴുന്നു. ആ നിമിഷം മുതൽ അതിനപ്പുറമുള്ള കാഴ്ചകൾക്കുനേരെ ഹൃദയം അന്ധമാകുന്നു.**

**പ്രലോഭനം ഒരു പരീക്ഷയാണ്. അത് ഇടുന്നയാൾ തോൽക്കുകയും, അഭിമുഖീകരിക്കുന്നയാൾ ജയിക്കുകയുമാണ് പരീക്ഷയുടെ യുക്തി.**

**പരസ്യജീവിതത്തിന്റെ അവസാനത്തിൽ കർത്താവിന്റെ രക്ഷയേകുന്ന പീഡാസഹനം, മരണം, ഉത്ഥാനം എന്നിവ ഓർമ്മിക്കുന്നു. ഈശോയുടെ 40 ദിവസത്തെ ഉപവാസപ്രാർത്ഥനയും ഓർക്കുന്നു. 40 ഇടദിവസങ്ങൾ , 7 ഞായറാഴ്ചകൾ, ദുഖവെള്ളി, ദുഖശനി ഉൾപ്പെടെ 50 ദിവസത്തെ നോമ്പ് അമ്പതു നോമ്പ് എന്നറിയപ്പെടുന്നു. പാപം അതിന്റെ ഫലം, അനുതാപം, ദൈവകാരുണ്യം, രക്ഷാകരസംഭവങ്ങൾ എന്നിവയാണ് വായനകൾ. യേശുവിനെ പോലെ പാപത്തിനു മരിച്ച് പിതാവിനായി ജീവിക്കുകയാണ് ലക്ഷ്യം. വചനം പഠിച്ചു പാലിക്കുക, പഴയ മനുഷ്യനെമാറ്റി പുതിയ മനുഷ്യനെ ധരിക്കുക. എല്ലാ സുകൃതങ്ങളുടേയും മണവാട്ടിയാണ് നോമ്പുകാലം.**

## ശരിയായ വാക്ക്

**പരീക്ഷിക്കപ്പെടുകയെന്നാൽ കഴിവുതെളിയിക്കാനുള്ള അവസരവും, പ്രലോഭിപ്പിക്കപ്പെടുകയെന്നാൽ വഴിചെതറ്റിക്കപ്പെടുന്ന അവസരവുമാണ്. ശരിയായ വാക്ക് പ്രലോഭിപ്പിക്കപ്പെടുന്നു എന്നതാണ്. ഈശോ മാമോദീസായിലൂടെ പിതാവിനും ജനത്തിനും സമർപ്പിക്കപ്പെട്ടുകഴിഞ്ഞു. അവിടുത്തെ വഴിതെറ്റിക്കുവാൻപിശാച് തയ്യാറായി. ദൈവേഷ്ടം നിറവേറ്റാൻ തീരുമാനിക്കുമ്പോൾ ബന്ധനങ്ങൾ വരുന്നു. നാട്ടുകാർ, വീട്ടുകാർ മാനസാന്തരം അംഗീകരിക്കുകയില്ല. പോയകാലം പോസ്റ്റ്മോർട്ടം ചെയ്യുന്നു. എല്ലാം പഴയതു പോലെയാക്കുന്നു.**

**ദൈവപുത്രിയായ ഈസ്രായേലിന്റെ മരുഭൂമി അനുഭവങ്ങളോട് സാക്ഷാൽ ദൈവപുത്രന്റെ അനുഭവങ്ങൾ താരതമ്യം ചെയ്യുകയാണിവിടെ.**

## വട്ടമിട്ട് പറക്കുന്ന പ്രലോഭനങ്ങൾ

യേശുവിനെ ആത്മാവുതന്നെ പരീക്ഷണസ്ഥലത്തേക്കു നയിച്ചുവെന്ന് എഴുതിയിരിക്കുന്നു. പരീക്ഷണങ്ങളിലും ജീവിതപ്രതിസന്ധിയിലും നീ നിരാശനാകരുത്, ദൈവം നിന്നെ കൈവിട്ടെന്ന് കരുതരുത്. ആ സമയങ്ങളിൽ തമ്പുരാനോടൊത്ത് ചേർന്നു നിൽക്കാനും (മത്തായി 4/4), കൂടുതലായി ശരണപ്പെടാനും (മത്തായി4/7), സമ്പൂർണ്ണമായി അടിയറവ് പറയാനും (മത്തായി 4/10) നീ ആ അവസരം ഉപയോഗിക്കണം. ആത്മാവിന്റെ നിറവിലും പ്രലോഭനങ്ങൾ നിന്നെ വട്ടമിട്ടു പറക്കും. ഇവയെ വചനത്താൽ നേരിടണം.

ആട്ടിൻതോലണിഞ്ഞ ചെന്നായയെ തിരിച്ചറിയാൻ കഴിയണം. സഭയ്ക്ക് എതിരായവർ വേഷം മാറി വരുന്ന കാലമാണ്. ''നിന്റെ ജീവിതത്തിൽ കുരിശുകൾ ഉണ്ടാവരുത് ''എന്ന നന്മ ആശംസിച്ച പത്രോസിൽ ഈശോ പിശാചിനെ തിരിച്ചറിഞ്ഞു.

## പ്രലോഭനം തെറ്റോ?

പ്രലോഭിക്കപ്പെട്ടതുകൊണ്ട് പാപം ചെയ്തു എന്നില്ല, ഒരുവന്റെ യോഗ്യതയൊട്ട് കുറയുന്നുമില്ല. പുണ്യത്തിന് പൂർണ്ണത കിട്ടുന്നത് യുദ്ധം ചെയ്യുന്നതിൽ നിന്നാണ്. യുദ്ധത്തിന്റെ വ്യാപ്തിയും ഭീകരതയും കൂടുന്നതനുസരിച്ച് പൂർണ്ണതയുടെ ശോഭയേറുന്നു. കോപിഷ്ഠന്റെ ശാന്തതയും, തീറ്റ പ്രിയന്റെ ആശയടക്കവും വൻ വിജമല്ലേ. യേശുവും സാത്താനും തമ്മിലുള്ള വാക്കുകൾ കൊണ്ടുള്ള യുദ്ധം. വലിയവനാകാനും, അഹങ്കാരിയാകാനും സുഖിക്കാനും യേശു ക്ഷണിക്കപ്പെടുന്നു. ഞാനാണ് ഏറ്റവും പ്രധാനി, എന്റെ ആവശ്യമാണ് ഏറ്റവും വലിയ ആവശ്യം എന്ന ചിന്ത നൽകി അഹത്തിന്റെ അഗ്രത്ത് നിറുത്തി ദൈവത്തേയും മനുഷ്യനേയും മറക്കാൻ ആധുനിക ലോകം കെണിയൊരുക്കുന്നു.

## ദൈവപുത്രത്വം എന്തിലടങ്ങിയിരിക്കുന്നു

ദൈവപുത്രത്വം എന്തിലടങ്ങിയിരിക്കുന്നു എന്നതാണ് പ്രലോഭനത്തിലെ പ്രമേയം. ദൈവവചനംകൊണ്ട് ജീവിക്കുന്നവനാണ് ദൈവപുത്രൻ. പിതാവിന്റെ ഹിതം നിറവേറ്റുന്നവൻ ദൈവപുത്രൻ. പരീക്ഷിക്കാതെ ദൈവത്തിൽ വിശ്വസിക്കുന്നവൻ. സ്വയം സമർപ്പിക്കുന്നവൻ. തന്റെ ജീവിതലക്ഷ്യം മനസ്സിലാക്കിയ യേശും അവ നേടിയെടുക്കാൻ ശ്രമിക്കുമ്പോൾ പരീക്ഷണങ്ങൾ നേരിടുന്നു.

പ്രലോഭകനായ സാത്താൻ പോലും പ്രലോഭിതനായ മാലാഖയാണ്. ഹവ്വായുടെ, ലോത്തിന്റെ ഭാര്യയുടെ, ഏസാവിന്റെ, ദാവീദിന്റെ, യൂദാസിന്റെ, പത്രോസിന്റെ പ്രലോഭനങ്ങൾ ഇന്നും ആവർത്തിക്കുന്ന യാഥാർത്ഥ്യങ്ങളാണ്. നന്മ തിന്മകളുടെ യുദ്ധഭൂമിയായി (സംഘർഷസ്ഥലം) തീരുമ്പോൾ നാം പ്രലോഭനത്തിലാണെന്നു പറയാം.

## അപ്പമാക്കി അത്ഭുതം ചെയ്യുക

പ്രലോഭകൻ അപ്പം നൽകാതെ പകരം ഒരു ഉപായമാണ് പറഞ്ഞുകൊടുക്കുന്നത്. കർത്താവിലുള്ള ഏകകഗ്രതയ്ക്ക് വ്യഗ്രതകൾ വെടിയണം, ആഹാരം അതിനുവേണ്ടിയാണ് ഉപേക്ഷിക്കുന്നത്. അത്ഭുതം ചെയ്യാനുള്ള പ്രേരണ സാത്താന്റെ പരീക്ഷണമാണ്. മനുഷ്യൻ ദൈവവചനത്താൽ പോഷിപ്പിക്കപ്പെടുന്നുവെന്ന നിർബന്ധബുദ്ധി യേശുവിന്റെ ശക്തമായ സന്ദേശമാണ്.

നമ്മുടെ വിശ്വാസങ്ങളും നിലപാടുകളും വ്യക്തമായി പ്രകടിപ്പിക്കാനുള്ള വെല്ലുവിളികൾ ഉയരുന്ന സാമൂഹ്യ പശ്ചാത്തലമാണ് ഇന്നുള്ളത്. പരസ്യജീവിതത്തിനുമുമ്പ് യേശുവിനും അവ വ്യക്തമാക്കേണ്ടി വന്നു. യേശു സ്വന്തം അഹത്തെ ഹനിക്കുന്നു. മനുഷ്യൻ ശരീരത്തിന്റെ മാത്രം ഉടമയല്ല. വചനത്തിൽ ശ്രദ്ധിച്ച് ജീവിക്കുമ്പോൾ ദൈവസാദൃശ്യത്തിൽ ഉള്ളവനാണ് താനെന്ന ചിന്തയിലേക്കവൻ ഉയരും. ദൈവത്തിൽ നിന്നും വന്ന് ദൈവത്തിൽ എത്തിച്ചേരേണ്ടവനാണ് എന്ന വിചാരം. ദൈവത്തെ മുഖത്തോടുമുഖം കാണേണ്ടവനാണ്. അപ്പോൾ ആത്മീയതയ്ക്കു പ്രാധാന്യം ലഭിക്കും.

തന്റെകഴിവുകൾ സ്വന്തം പ്രതാപം കാണിക്കാനല്ല മറ്റുള്ളവരെ ഊട്ടിയുയർത്താനുള്ളതാണ്. ആത്മദാനമാണ് ശീലമാക്കേണ്ടത്. ശരീരബന്ധിയായ പ്രലോഭനങ്ങളെ അതിജീവിക്കണം. പൊതുവായി തീരേണ്ടത് സ്വന്തമാക്കുന്നു എന്നതാണ് പ്രലോഭനം. പൊതു ധനം വ്യക്തികൾ തന്ത്രപരമായി സ്വന്തമാക്കുന്നു. സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും നൽകണം.

## വിശപ്പ്

കുമ്മായക്കല്ലുകൾക്ക് മദ്ധ്യേ നാൽപതുദിവസത്തെ പട്ടിണിക്കുശേഷം വലിയ കല്ലുപോലും കടിച്ചുതിന്നുവാനുള്ള വിശപ്പ് കാണും. രതിയോട്, ലഹരിയോട്, പെരുമയോട്, പേരിനോട്, പ്രതികാരത്തോട് ഒക്കെയുള്ള വിശപ്പുകൾ. വിശപ്പുകൾ ഉണർന്നാൽ ഉടൻ ഒരാൾ അപ്പം തേടേണ്ടതുണ്ടോ? വചനമെന്നാൽ ഉന്നതചിന്ത എന്നർത്ഥം. ഉന്നതചിന്തകൊണ്ട് വിശപ്പിനെ പ്രതിരോധിക്കണ്ടേ?

ആത്മാർപ്പണത്തിലൂടെ മാത്രം നേടിയെടുക്കേണ്ട മാനവരക്ഷ, ഭൗതിക മാർഗ്ഗങ്ങളിലൂടെ നേടിയെടുക്കാൻ സാത്താൻ ആവശ്യപ്പെടുന്നു.

ഏസാവ് ചോദിക്കുന്നു, ''വിശന്നു ചാകാറായ എനിക്ക് കടിഞ്ഞൂൽ അവകാശംകൊണ്ട് എന്തു പ്രയോജനം'' എന്നാണ്. വിശപ്പിന്റെ ഭ്രാന്തിൽ പ്രയോജനമില്ലെന്നു തോന്നുന്നതെല്ലാം മനുഷ്യൻ പണയപ്പെടുത്തികൊണ്ടിരിക്കുന്നു.

## യേശു കല്ലിനെ അപ്പമാക്കിയില്ല

യേശു കല്ലിനെ അപ്പമാക്കിയില്ല, മറ്റുള്ളവർക്കായി അവൻ സ്വയം അപ്പമായി. എന്റെ നല്ലൊരു വാക്കോ, നോട്ടമോ മറ്റുള്ളവർക്ക് അപ്പമാകാം. നിന്റെ സ്വന്തം നിശ്ശബ്ദ സങ്കടങ്ങൾ സ്വർഗ്ഗത്തിലേക്കുള്ള വഴിയിൽ നിനക്ക് പാഥേയമാകാം.

വെള്ളം വീഞ്ഞാക്കിയവന് കല്ല് അപ്പമാക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ല. ലാസറിനെ ഉയിർപ്പിച്ചവൻ കുരിശിൽ നിന്ന് ഇറങ്ങി വന്നില്ല.

എന്റെ ഉദരത്തെ നിറയ്ക്കുന്ന കല്ല് എന്റെ സഹോദരനാവാം, സഹപ്രവർത്തകരാവാം. കല്ലിനെ അപ്പമാക്കുന്നവർ മിടുക്കന്മാർ എന്ന് വിളിക്കപ്പെടുകയും, കയ്യടി നേടുകയും ചെയ്യും.

## താഴേക്കുചാടുക

ജീവിതത്തിൽ താഴേക്കുവീഴുന്ന അവസരങ്ങളിൽ ദൈവത്തിൽ വിശ്വാസം അർപ്പിക്കുന്നവനാണ് ദൈവപുത്രൻമാർ ആകുക. ദൈവത്തെ പരീക്ഷിക്കുകയല്ല വേണ്ടത്. അത്ഭുതങ്ങൾക്കു തേടി പിന്നാലെ നടക്കുന്നത് പരീക്ഷിക്കലാണ്. വീഴ്ചതളിൽ നീ ഒറ്റയ്ക്കല്ല എന്നോർത്ത് കർത്താവിലാശ്രയിക്കുന്നതാണ് നമ്മെ ദൈവപൈതലാക്കുന്നത്. പരീക്ഷണത്തിനു പകരം ദൈവത്തിൽ വിശ്വസിക്കകയാണാവശ്യം. ശക്തി തെളിയിക്കൽ ഇന്ന് സാധാരണം, അസാധാരണ കാര്യങ്ങൾ ചെയ്തുകൊണ്ട്. യുക്തി രഹിതകാര്യങ്ങൾ സാധിച്ചുകിട്ടുമെന്ന വിശ്വാസം വിശ്വാസമല്ല. നിലമറന്ന് ''ചാടാൻ'' അന്തസ്സ് മറക്കാൻ തയ്യാറാകരുത്. ദൈവത്തെ അത്ഭുതത്തിന് നിർബന്ധിക്കാതെ അവനിൽ ശരണപ്പെട്ട് വളരണം. ദൈവപരിപാലനയുടെ ഉറപ്പ് പരിശോധിക്കുന്നത് വിശ്വാസമല്ല.

സ്ഥാനമാനങ്ങൾക്കുള്ള പ്രലോഭനങ്ങൾ പലപ്പോഴും മറ്റുള്ളവരുമായുള്ള ബന്ധത്തിലുള്ള പ്രലോഭനമാണ്. ഭക്തസംഘടനകളിലെ പ്രവർത്തനം കൈയടിവാങ്ങാൻ മാത്രമുദ്ദേശിച്ചുള്ളതാകുമ്പോൾ അത് പ്രലോഭനമാകും.

പ്രഭാതത്തെ സ്വാഗതം ചെയ്യാനായി കാഹളം കരങ്ങളിലേന്തി പുരോഹിതൻനിന്നിരുന്ന ഇടമാണ് ഗോപുരശൃംഗം. ദൂരെ ഹെബ്രോൺ കുന്നിൽ പുലരിയുടെ ആദ്യതിരി തെളിയുമ്പോൾ അദ്ദേഹമത് മുഴക്കുമായിരുന്നു. അവിടെ നിന്ന് ആരാധകരുടെ മദ്ധ്യത്തിലേക്ക് തൂവൽ പോലെ ഒഴുകി വീഴുക. എന്നാൽ സാധാരണ അനുഭവങ്ങൾക്ക് ധ്യാനം കൊണ്ടും സഹനം കൊണ്ടും അസാധാരണ ലാവണ്യം നൽകുകയായിരുന്നു അവിടുത്തെ ബോധനരീതി.

കഠിന തപസ്സുകൊണ്ട് വെള്ളത്തിനുമീതേ നടക്കാനായെന്ന് ശിഷ്യൻ 20 വർഷത്തെ ഇടവേളയ്ക്കുശേഷം ഗുരുവിനെ കണ്ടുമുട്ടിയപ്പോൾ പറഞ്ഞു. കഷ്ടം 20 പൈസ കടത്തുകാരന് കൊടുത്താൽ സാധിക്കുന്ന കാര്യത്തിന് 20 വർഷം നീ പാഴാക്കിയല്ലോയെന്ന് ഗുരുവിന്റെ മറുപടി.

## ആരാധനയ്ക്കുള്ള പ്രലോഭനം

ലോകത്തിലെ ഓരോന്നായി സമ്പാദിച്ച് എല്ലാറ്റിനേയും സ്വന്തം ആധിപത്യത്തിന് കീഴിലാക്കുവാനുള്ള വ്യഗ്രത പിശാചിന്റെ പരീക്ഷണമാണ്. ആരെ ആരാധിക്കുന്നവോ അവനു നാം സ്വയം സമർപ്പിക്കുന്നു. ലോകത്തിലെ സകലതും തന്റേതാണെന്ന ഏറ്റവും വലിയ നുണയുമായി സാത്താൻ വരുന്നു. നുണയുടെ സാമ്രാജ്യം. ഹവ്വയുടെ അടുക്കൽ പറഞ്ഞ അതേ നുണ. ഒരു മരം എങ്ങോട്ടു ചായുന്നുവോ അങ്ങോട്ടുതന്നെയായിരിക്കും അതിന്റെ വീഴ്ചയും.

## പരീക്ഷണങ്ങൾ പരിഷ്കാരമായി മാറുന്നു

ഇന്ന് ശരീരം, മണ്ണ്, ധനം, സ്ഥാനം ഇവ ഇന്നും ആരാധിക്കപ്പെടുന്നു. 'ഇത് ഭക്ഷിച്ചാൽ', 'ഇത് കുടിച്ചാൽ', 'ഇത് വാങ്ങിയാൽ' എന്ന പ്രലോഭനങ്ങളിൽ മനുഷ്യൻ കുടുങ്ങുന്നു. എളിമപ്പെടുന്നത്, താഴുന്നത്, ദൈവപുത്രന്റെ വഴിയാണെങ്കിലും അധഃപതനമെന്നല്ല അതിനർത്ഥം. സ്വന്തം നേട്ടത്തിനായ് പിശാചിനു താഴ്ന്നുകൊടുക്കുന്നത് അധഃപതനമാണ്. ആധുനിക മനുഷ്യൻ ദൈവീകലക്ഷ്യം മറന്ന് ആരേയും ആരാധിക്കുവാൻ തയ്യാറാകുന്നു. അപ്പോൾ പ്രലോഭനങ്ങൾ പ്രചോദനമായി മാറുന്നു. പരീക്ഷണങ്ങൾ പരിഷ്കാരമായി മാറുന്നു.

ദൈവത്തിന്റെ സ്ഥാനത്ത് മറ്റെന്തെങ്കിലും ഉണ്ടാകുമ്പോൾ അത് ആത്മീയ പ്രലോഭനമാണ്. ചാത്തൻസേവ, മന്ത്രച്ചരട്, പണം ഇവയൊക്കെ ഇത്തരം അരാധനയുടെ ഭാഗമാണ്. ക്രിസ്തുവിനെ ആരാധിക്കാം, കുരിശ് ചുമക്കാനാവില്ല എന്ന ചിന്തയും.

## ഒരു തവണ

കോമ്പ്രമൈസ് എന്ന ഇരട്ടപേരിലറിയപ്പെടുന്ന ഒത്തുതീർപ്പിന് സാത്താൻ ഒരുങ്ങി. ഒരു തവണ ഒരു സെക്കൻഡ് നീ തിന്മയെ വണങ്ങിയാൽ മതി. അതിനു മുമ്പോ, പിമ്പോ വേണ്ട! ഒരേയൊരു തവണയിൽ ഇത്ര വേവലാതിപ്പെടാൻ എന്തിരിക്കുന്നു. വയലിൽ കുട്ടികൾ മീൻകയറാൻ വയ്ക്കുന്ന വലപോലെയാണ് പ്രലോഭനം. ഒരിക്കൽ സുഗമമായി ഉള്ളിലേക്ക് പ്രവേശിക്കുന്ന മീനിന് പിന്നീടൊരിക്കലും പുറത്തുകടക്കാനാവില്ല.

തന്റെ ലോഹം എന്തെന്ന് യേശു തെളിയിച്ചു. സുഖത്തോടും, ധനത്തോടും, അധികാരത്തോടും അതലം സൂക്ഷിക്കുന്ന ഇടുങ്ങിയ വഴിയും വാതിലുമാണ് താനെന്ന് യേശു ഉറപ്പിച്ചു.

മറ്റൊരു പരീക്ഷ യേശുവിന്റെ ജീവിതത്തിൽ നടന്നത് മണൽകാട്ടിലായിരുന്നില്ല, ഒലിവുമരങ്ങൾക്കിടയിലായിരുന്നു. മരുഭൂമിയിലേത് എഴുത്തുപരീക്ഷയെങ്കിൽ ഒലിവ് തോട്ടത്തിലേത് പ്രാക്ടിക്കൽ പരീക്ഷയായിരുന്നു.